# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *200

## 08.03.2017 ലെ മറുപടിക്ക്

## എം.എൽ.എ. ഫണ്ട് വിതരണത്തിലെ കാലതാമസം

| ചോദ്യം<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ. മാർക്ക് പ്രാദേശിക വികസനത്തിന് ഫണ്ട് അനുവദിക്കുന്നതിനായി ഭരണാനുമതി നൽകുന്നതിന് കളക്ടർമാരുടെ ഓഫീസിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി സമർപ്പിക്കുന്ന ശുപാർശകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്. എന്നാൽ ചിലപ്പോൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണോയെന്ന് പരിശോധിക്കുമ്പോൾ എന്തെങ്കിലും അപാകതകൾ കണ്ടെത്തുകയാണെങ്കിൽ ആയത് പരിഹരിച്ച് ഭരണാനുമതി പുറപ്പെടുവിക്കുന്ന സന്ദർഭങ്ങളിൽ കാലതാമസം നേരിടാറുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള കാലതാമസം പരിഹരിക്കുന്നതിനായി എം.എൽ.എ. മാർക്കുള്ള ഫണ്ട് വിനിയോഗം ഒരു വെബ് ആപ്ലിക്കേഷൻ വഴി ഡിജിറ്റലൈസ് ചെയ്യാൻ ഉദ്ദേശ്യമുണ്ടോ; | ഉദ്ദേശ്യമുണ്ട്. എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിന്റെ പദ്ധതി സമർപ്പണം മുതൽ നിർവ്വഹണ പുരോഗതി നിരീക്ഷണം വരെയുള്ള നടപടികൾ ഓൺലൈനായി നടത്തുന്നതിനുള്ള സംവിധാനം നടപ്പിൽ വരുത്തുന്നതിന് ലക്ഷ്യമിടുന്നു. സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഓൺലൈൻ പദ്ധതി നിരീക്ഷണ സംവിധാനമായ 'പ്ലാൻസ്പേസ്' ന്റെ ജില്ലാതല വ്യാപനത്തിൽ ഉൾപ്പെടുത്തിയാണ് ഇത് സാദ്ധ്യമാക്കുന്നത്. ഇതിന്റെ സോഫ്റ്റ് വെയർ രൂപപ്പെടുത്തുന്ന പ്രക്രിയ അന്തിമ ഘട്ടത്തിലാണ്. |
| (സി) | എം.എൽ.എ. ഫണ്ട് വിതരണത്തിൽ നിലവിലുള്ള കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ ജില്ലാ കളക്ടർക്ക് സമർപ്പിക്കാൻ വൈകുന്നതിനാലാണ് ഫണ്ട് വിതരണത്തിൽ കാലതാമസം നേരിടുന്നത്. പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിക്കാനും, പൂർത്തീകരിക്കുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് ബിൽ ജില്ലാ കളക്ടർക്ക് സമർപ്പിക്കാനും എം.എൽ.എ.മാരുടെ റിവ്യൂ മീറ്റിംഗിലും, മാസംതോറുമുള്ള ജില്ലാ വികസന സമിതി യോഗത്തിലും പ്രവൃത്തി നിർവ്വഹണ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ